അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2015-16 സാമ്പത്തിക വർഷം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ക്ഷേമപെൻഷനുകൾ	ചെലവഴിച്ച തുക
1	വാർദ്ധക്യകാല പെൻഷൻ	85859352
2	വികലാംഗ പെൻഷൻ	27563360
3	വിധവാപെൻഷൻ	90416864
4	50 വയസ്സിന് മുകളിൽപ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3446416
5	കർഷകത്തൊഴിലാളി പെൻഷൻ	29878752
	ആകെ	237164744

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ്

323 (1697) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അനാഥാലയങ്ങൾക്ക് സർക്കാർ നൽകിവരുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവയിൽ ഏതെല്ലാം ഗ്രാന്റുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് 1-4-2014 മുതൽ ഒരു അന്തേവാസിക്ക് പ്രതിമാസം 800/- രൂപ നിരക്കിലും 1-1-2015 മുതൽ പ്രതിമാസം 1000 രൂപ നിരക്കിലുമാണ് നൽകുന്നത്.

(ബി) അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ, വികലാംഗ ഭവനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ ഗ്രാന്റുകളുടെ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly